©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഒക്ടോബർ 30<br>30th October 2018<br>1194 തുലാം 13<br>13th Thulam 1194<br>1940 കാർത്തികം 8<br>8th Karthika 1940 | നമ്പർ<br>No. **43** |

# PART III

# Industries Department

**മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ (I/C) നടപടിക്രമം**

(ഹാജർ : രമ, ആർ.)

നമ്പർ സി. എം1/38/2017 — 2018 സെപ്റ്റംബർ 14.

വിഷയം:—വ്യവ: സഹ: എടപ്പാൾ ഹരിജൻ മാറ്റ്സ് & ബാംബൂ വർക്കേഴ്സ് കോട്ടേജ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (P) 1 ലിക്വിഡേഷൻ ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന:—(1) 5-7-2018-ലെ ഈ ഓഫീസിലെ സി.എം I/38/2017 നമ്പർ ഉത്തരവ്.
(2) 6-8-2018 ലെ പൊന്നാനി താലൂക്ക് വ്യവസായ ഓഫീസ് സീനിയർ സഹകരണ ഇൻസ്പെക്ടറുടെ PNI/468/2018 നമ്പർ അന്വേഷണ റിപ്പോർട്ട്.

മലപ്പുറം ജില്ലാ വ്യവസായ വകുപ്പിനു കീഴിൽ പൊന്നാനി താലൂക്കിലെ എടപ്പാൾ ആസ്ഥാനമാക്കി 12-03-1958- ൽ രജിസ്റ്റർ ചെയ്ത മേൽ വിഷയത്തിൽ സൂചിപ്പിച്ച സംഘം 27-3-1998- ന് പ്രവർത്തനം ആരംഭിക്കുകയും, സംഘം ദീർഘകാലമായി പ്രവർത്തനരഹിതമാവുകയും സംഘത്തിന് സ്വന്തമായി സ്ഥലം, കെട്ടിടം എന്നിവ ഇല്ലായെന്നും സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സംഘത്തിന്റെ ഭരണസമിതി കാലാവധി, 9-12-2017- ന് അവസാനിക്കുകയും ചെയ്തിരിക്കുന്നു. മേൽ സംഘം പ്രവർത്തന രഹിതമായതിനുശേഷം പൊതുയോഗം ചേർന്ന് ഓഡിറ്റ് ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിരുന്നില്ല. 2015-16- ലെ ഓഡിറ്റ് ന്യൂനതാ സംഗ്രഹം II ലെ 1, 2 പരാമർശമനുസരിച്ച് സംഘത്തിനെതിരെ സമാപ്തികരണ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് സൂചന (1) പ്രകാരം സെക്ഷൻ 65 അന്വേഷണത്തിനായി ഉത്തരവിടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ സെക്ഷൻ 65 അന്വേഷണ റിപ്പോർട്ട് പ്രകാരം സംഘത്തിന് പുനപ്രവർത്തനത്തിന് താത്പര്യമില്ലായെന്നും സൂചന (2) പ്രകാരം സീനിയർ സഹകരണ ഇൻസ്പെക്ടർ, പൊന്നാനി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ, എടപ്പാൾ ഹരിജൻ മാറ്റ്സ് & ബാംബൂ വർക്കേഴ്സ് കോട്ടേജ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (P) 1 എന്ന സംഘവുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം ലഭ്യമായ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം സെക്ഷൻ 71 പ്രകാരം ടി സംഘത്തിനെതിരെ സമാപ്തീകരണത്തിനായി ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ സമാപ്തീകരണ നടപടികൾ ഉത്തരവ് തീയതി മുതൽ മൂന്നുവർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് പൊന്നാനി താലൂക്ക് വ്യവസായ ഓഫീസിലെ സീനിയർ സഹകരണ ഇൻസ്പെക്ടറെ സഹകരണനിയമം സെക്ഷൻ 72 പ്രകാരം ലിക്വിഡേറ്ററായി ഇതിനാൽ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ലിക്വിഡേറ്റർ എത്രയും പെട്ടെന്ന് സംഘത്തിന്റെ ആസ്തികൾ ഉൾപ്പെടെ റിക്കാർഡുകൾ, രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ ഏറ്റെടുത്ത്, റിപ്പോർട്ട് ചെയ്യേണ്ടതും സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

ജില്ലാ വ്യവസായ കേന്ദ്രം, (ഒപ്പ്)
മലപ്പുറം. ജനറൽ മാനേജർ.

## ക്ലെയിം നോട്ടീസ്

[1969 ലെ കേരള സഹകരണ സംഘം നിയമ ചട്ടം 69 (2) പ്രകാരം.]

നമ്പർ പി/എൽ ക്യു-18/98/2018. 2018 ഒക്ടോബർ 9.

1969 ലെ കേരള സഹകരണ സംഘം നിയമം 71-ാം വകുപ്പ് പ്രകാരം മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 28-5- 2018- ലെ സി എം1/3035/2016 നമ്പർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിലെ തവനൂർ മറവഞ്ചേരി കേന്ദ്രമായിരുന്ന കൈരളി ഗാർമെന്റ്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എസ് ഇൻഡ്(എം)98, തവനൂർ എന്ന സംഘത്തിന്റെ പ്രവർത്തനം നിർത്തൽ ചെയ്യുന്നതിന് മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിലുള്ള പൊന്നാനി താലൂക്ക് വ്യവസായ ഓഫീസിലെ സീനിയർ സഹകരണ ഇൻസ്പെക്ടറായ എന്നെ ലക്വിഡേറ്ററായി നിയമിച്ചിരിക്കുന്നു.

ടി ഉത്തരവ് അനുസരിച്ച് സംഘത്തിന്റെ ഇടപാടുകൾ അവസാനിപ്പിച്ച് സംഘം നിർത്തൽ ചെയ്യാൻ പോകുന്നതിനാൽ ടി സംഘത്തിൽ നിന്നും വല്ല മുതലും ലഭിക്കാൻ അവകാശപ്പെട്ടവർ ആ വക അവകാശങ്ങളെപ്പറ്റി ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തിയതി മുതൽ 60 ദിവസത്തിനകം താഴെ ഒപ്പിട്ട ലിക്വിഡേറ്ററെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണെന്ന് എല്ലാ സംഘാംഗങ്ങളേയും ഇടപാടുകാരെയും പൊതുജനങ്ങളേയും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

മേൽപറഞ്ഞ തിയതിക്ക് ശേഷം ലഭിക്കുന്ന യാതൊരു അവകാശവാദങ്ങളും പരിഗണിക്കുന്നതല്ല.

(ഒപ്പ്)
ലിക്വിഡേറ്റർ,
കൈരളി ഗാർമെന്റ്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എസ് ഇൻഡ്(എം)98,
താലൂക്ക് വ്യവസായ ഓഫീസ്, പൊന്നാനി. തവനൂർ& സീനിയർ സഹകരണ ഇൻസ്പെക്ടർ.